(ബി) പട്ടാമ്പി താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബിവഴി നടപ്പിലാക്കുന്ന പദ്ധതിക്ക് 13.27 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബി 9.9 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് വളരെയധികം കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട അനുമതികൾ ലഭ്യമാക്കുന്നതിന് താമസം നേരിടുന്നുണ്ട്. റെയിൽവേയുടെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമേ പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. റെയിൽവേയുടെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

കുന്നത്തുനാട് മണ്ഡലത്തിലെ പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണം

180(180) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഏതൊക്കെ പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണത്തിനാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ചുമതലപ്പെടുത്തിയ ഏജൻസികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പുളിങ്കുന്ന് സർക്കാർ ആശുപത്രി നവീകരണം

181 (181) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഏറ്റവും കൂടുതൽ ആളുകൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന പുളിങ്കുന്ന് സർക്കാർ ആശുപത്രി നവീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

15-8-2019-ലെ ജി.ഒ (ആർ.ടി) നം. 2000/2019/എച്ച് &എഫ്. ഡബ്ല്യു.ഡി, ഉത്തരവുപ്രകാരം പുളിങ്കുന്ന് താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിടം, അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കായി 144.06 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പുതിയ ബഹുനില കെട്ടിടം പണികഴിപ്പിക്കുന്ന നിർമ്മാണ സ്ഥലത്തെ അടിയന്തരമായി നിലനിർത്തേണ്ടവ ഒഴിവാക്കി ബാക്കിയുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കി സൈറ്റ് ബന്ധപ്പെട്ട എസ്.പി.വി. ആയ M/s. Inkel Limited-ന് കൈമാറുന്നതിന് തയ്യാറായിവരുന്നു. ടി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലം (സർവ്വേ നം.223/3-ൽപ്പെട്ട 68.73 ആർ) പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന പള്ളിയുടെ പേരിലാണ്. ഈ ഭൂമി ആശുപത്രിയുടെ പേരിലേയ്ക്ക് മാറ്റാൻ ബന്ധപ്പെട്ട പള്ളി അധികൃതർ നൽകിയ സമ്മതപത്രം പ്രകാരം തുടർനടപടികൾക്കായി ആർ.ഡി.ഒ-യ്ക്ക് നൽകിയിട്ടുണ്ട്.

(സി) പുളിങ്കുന്ന് സർക്കാർ ആശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ബഹുനില കെട്ടിടം പണി പൂർത്തിയാകുന്നമുറയ്ക്ക് ആധുനിക ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ 73 സ്ഥിരം ജീവനക്കാർ, 30 താൽക്കാലിക ജീവനക്കാർ (HMC-3, NHM-26, RSBY-1) എന്നിങ്ങനെയാണ് ആശുപത്രി ജീവനക്കാർ. കൂടാതെ 22-09-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം.168/2021/ ആ.കു.വ. പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ സ്റ്റാഫ് നഴ്സ് - 1, ക്ലാർക്ക് - 1 എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ സ്ഥാപിക്കൽ

182 (182) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാനർ, പവർ ലോൺടി എന്നിവ അനുവദിച്ചിട്ട് മാസങ്ങൾ ഏറെയായിട്ടും നാളിതുവരെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്നും എന്നത്തേയ്ക്ക് ഇത് സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly